സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിൽ അനുവദിക്കപ്പെട്ട എക്സ്റേ യൂണിറ്റുകൾ

112 [3809] *ശ്രീ. എ. സി. ഷണ്മുഖദാസ് :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ആകെ എത്ര സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾ അനുവദിക്കപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഇത് അനുവദിക്കപ്പെട്ട വർഷങ്ങൾ ഏതൊക്കെയാണ് എന്നും ഓരോ വർഷത്തിൽ എത്ര വീതമാണ് അനുവദിച്ചത് എന്നും വെളിപ്പെടുത്തുമോ;

(സി) ഈ സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിൽ എത്ര എണ്ണത്തിൽ എക്സ്റേ യൂണിറ്റുകളുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) & (ബി) സംസ്ഥാനത്ത് ആകെ 115 സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾ അനുവദിക്കപ്പെട്ടിട്ടുണ്ട്. ഓരോ വർഷവും അനുവദിച്ച കേന്ദ്രങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

1984	. .	4
1985	. .	10
1986	. .	2
1988	. .	25
1989	. .	1
1990	. .	14
1992	. .	1
1995	. .	2
1996	. .	3
1997	. .	20
1998	. .	2
1999	. .	25
2000	. .	2
2001	. .	2
2002	. .	1
2003	. .	1

(സി) ഈ സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിൽ 30 സ്ഥാപനങ്ങളിൽ എക്സ്റേ യൂണിറ്റുകൾ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly